നം. ICDS A1/16577/19

വനിത ശിശു വികസന ഡയറക്ടറേറ്റ്,
പൂജപ്പുര, തിരുവനന്തപുരം
ഫോൺ: 0471-2346508
ഇ.മെയിൽ : swdicds@gmail.com
തീയതി: 06.11.2020

വനിത ശിശു വികസന ഡയറക്ടർ

എല്ലാ ജില്ലാ പ്രോഗ്രാം ഓഫീസർമാർക്കും
എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും.

സർ,

വിഷയം : വനിത ശിശു വികസന വകുപ്പ് - ഐ.സി.ഡി.എസ് - അങ്കണവാടി സർവ്വീസസ് (ജനറൽ) പദ്ധതി - അങ്കണവാടികളിൽ ഫർണിച്ചറുകൾ/ഉപകരങ്ങൾ വാങ്ങുന്നത്- സംബന്ധിച്ച്.

സൂചന :1. 03.08.2020 തീയതിയിലെ ഇതേ നമ്പർ നടപടിക്രമം.

2. 25.09.2020 തീയതിയിലെ ഇതേ നമ്പർ കത്ത്.

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. കേന്ദ്രാവിഷ്കൃത പദ്ധതിയായ അങ്കണവാടി സർവീസസ്(ജനറൽ) പദ്ധതി പ്രകാരം സംസ്ഥാനത്തെ 6,623 അങ്കണവാടികൾക്ക് 10,000/- രൂപ നിരക്കിലും 26 മിനി അങ്കണവാടികൾക്ക് 7,000/- രൂപ നിരക്കിലും ഫർണിച്ചർ/ഉപകരണങ്ങൾ വാങ്ങുന്നതിന് അനുമതി നൽകി സൂചന(1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഫർണിച്ചർ/ഉപകരണങ്ങൾ വാങ്ങുന്നതിന്റെ പുരോഗതി റിപ്പോർട്ട് ചെയ്യുന്നതിന് എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും സൂചന(2) പ്രകാരം നിർദേശം നൽകിയിരുന്നു. ആയതിൻ പ്രകാരം ലഭ്യമായിട്ടുള്ള റിപ്പോർട്ടിൽ Procurement committee കൂടുന്നതിന് കത്ത് നൽകി, വിതരണ ഏജൻസിക്ക് കത്ത് നൽകിയിട്ടുണ്ട്. നടപടി ആരംഭിച്ചിട്ടുണ്ട്, നടപടി ആരംഭിക്കുന്നതാണ് എന്നിങ്ങനെയാണ് ഭൂരിഭാഗം ICDS കളും റിപ്പോർട്ട് ചെയ്തിട്ടുള്ളത്. തുക അനുവദിച്ച് മൂന്ന് മാസത്തിനുശേഷവും വാങ്ങൽ നടപടി പ്രാരംഭഘട്ടത്തിൽ മാത്രമാണെന്ന് റിപ്പോർട്ടിൽ നിന്നും വ്യക്തമാകുന്നു. ഫർണിച്ചർ/ഉപകരണങ്ങൾ വാങ്ങുന്നതിന് കേന്ദ്ര/സംസ്ഥാന വിഹിതമായി ലഭിച്ചിട്ടുള്ള തുക എല്ലാ വർഷവും ലഭിക്കുന്ന ധനസഹായം അല്ലയെന്നുള്ളതിനാൽ ലഭിച്ച തുക പൂർണ്ണമായും വിനിയോഗിച്ച് നടപ്പ് സാമ്പത്തിക വർഷം തന്നെ വാങ്ങൽ നടപടി പൂർത്തീകരിക്കേണ്ടതുണ്ട്. ആയതിന് ഈ വിഷയത്തിൽ ഓഫീസ് മേധാവി തലത്തിൽ പ്രത്യേക ശ്രദ്ധപതിപ്പിച്ച് സത്വര നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

ടി സാഹചര്യത്തിൽ 30.11.2020 തീയതിയ്ക്കകം സൂചന(1) പ്രകാരം അനുവദിച്ച തുക വിനിയോഗിച്ച് അങ്കണവാടികളിൽ ഫർണിച്ചർ/ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. വാങ്ങൽ നടപടി പൂർത്തീകരിക്കാതെ തുക സറണ്ടർ ചെയ്യുന്ന ഓഫീസ് മേധാവികൾക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്. വാങ്ങൽ നടപടികളുമായി ബന്ധപ്പെട്ട സംശയങ്ങൾ ജില്ലാ തലത്തിൽ പരിഹരിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

വനിത ശിശു വികസന ഡയറക്ടർക്കു വേണ്ടി